# അദ്വൈതദർശനം

ഡാ. എൻ. വി. കൃഷ്ണവാരിയർ

മനുഷ്യന് അനുഭവപ്പെടുന്ന ഭൗതിക പ്രപഞ്ചം, ഭൗതികപ്രപഞ്ചത്തെ അനുഭവിക്കുന്ന മനുഷ്യവ്യക്തി എന്നിവയുടെ യഥാർത്ഥ സ്വരൂപത്തെയും, മനുഷ്യ വ്യക്തിയും പ്രപഞ്ചവും തമ്മിലുള്ള ബന്ധപാരസ്പര്യത്തെയും സംബന്ധിച്ച് ആഗമത്തെയും (ശ്രുതി – സ്മൃതികളെയും) യുക്തിയെയും ആസ്പദമാക്കി രൂപവൽക്കരിക്കപ്പെട്ട സമഗ്ര വീക്ഷണങ്ങളെയാണ് 'ദർശനങ്ങൾ' എന്നു പറയുന്നത്.

സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നിവയാണ് ഭാരതീയ ദർശനങ്ങളിൽ പ്രമുഖങ്ങൾ. ഇവയെ ഷഡ്ദർശനങ്ങൾ എന്നുപറയുന്നു. ഇവ എല്ലാംതന്നെ വേദങ്ങളെ പ്രമാണങ്ങളായി അംഗീകരിക്കുന്നതിനാൽ "വൈദികദർശനങ്ങൾ" എന്നും ഇവയെ വിളിക്കാറുണ്ട്. വേദങ്ങളെ പ്രമാണങ്ങളായി അംഗീകരിക്കാത്തവയാണ് ചാർവാകദർശനം അഥവാ ലോകായതദർശനം, ബൗദ്ധദർശനം, അർഹതദർശനം അഥവാ ജൈനദർശനംഎന്നിവ. ഇവയ്ക്കുപുറമെ, പല മതസമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട്, പലതരം ശൈവ-വൈഷ്ണവ-ദർശനങ്ങളും താന്ത്രിക ദർശനങ്ങളും പല കാലത്ത് ഇന്ത്യയിൽ പ്രചാരമാർജ്ജിക്കയുണ്ടായി. സംസ്കൃത വ്യാകരണത്തിനും കൂടിയുണ്ട് അതിന്റേതായ ദർശനം.

മതങ്ങളുമായി ബന്ധപ്പെട്ടും ബന്ധപ്പെടാതേയും അനേകം ദർശനങ്ങൾ ഇന്ത്യക്കു പുറമേയുള്ള രാജ്യങ്ങളിലും രൂപം കൊള്ളുകയുണ്ടായിട്ടുണ്ട്. എല്ലാദർശനങ്ങളുടേയും ലക്ഷ്യം ഭൗതിക പ്രപഞ്ചത്തേയും മനുഷ്യ വ്യക്തിയേയും ഇവ തമ്മിലുള്ള പരസ്പര ബന്ധത്തേയും തൃപ്തികരമായി നിർവ്വചിക്കുക എന്ന

താണ്. മനുഷ്യർക്കിടയിലുള്ള അനന്തമായ രുചിവൈചിത്ര്യമാണ് ഇത്രയധികം ദർശനങ്ങൾ നിലവിൽ വരുന്നതിനുള്ള കാരണം. വിഭിന്ന ദർശനങ്ങളോടുള്ള ഭാരതീയ സമീപനത്തെ ശിവ മഹിമ്നഃ സ്തോത്രത്തിൽ പുഷ്പദന്തൻ ഇങ്ങിനെ വിവരിച്ചിരിക്കുന്നു:

ത്രയീസാംഖ്യംയോഗഃ പശുപതിമതം വൈഷ്ണവമിതി
പ്രഭിന്നേ പ്രസ്ഥാനേ പരമിദമദഃ പഥ്യമിതി ച
രുചീനാം വൈചിത്ര്യാദൃജുകുടിലനാനാപഥജുഷാം
നൃണാമേകോ ഗമ്യസ്ത്വമസി പയസാമർണ്ണവ ഇവ.

ഷഡ്ദർശനങ്ങളിൽ അവസാനത്തേതായി ഗണിക്കപ്പെടുന്ന ഉത്തരമീമാംസാ ദർശനം വേദസംഹിതകളിൽ (മന്ത്രങ്ങളിൽ) സംക്ഷിപ്തമായും വേദങ്ങളുടെ ഭാഗങ്ങളായ ബ്രാഹ്മണങ്ങളിൽ ഉൾപ്പെട്ട ഉപനിഷത്തുകളിൽ വിശദമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഉപനിഷത്തുകൾക്ക് വേദാന്തങ്ങൾ (വേദത്തിന്റെ അവസാന ഭാഗങ്ങൾ) എന്നുകൂടി പേരുണ്ട്. ഇതിൽ നിന്ന് അവയിലെ ദർശനവും 'വേദാന്തം' എന്ന പേരിൽ അറിയപ്പെടുന്നു. ഉപനിഷത്തുകളിലടങ്ങിയ ദർശനത്തെ, ഓരോന്നിലും നാലു പാദങ്ങൾ വീതമുള്ള നാല് അദ്ധ്യായങ്ങൾ ഉൾക്കൊണ്ട 'ബ്രഹ്മസൂത്രങ്ങൾ' എന്ന ഗ്രന്ഥത്തിൽ ബാദരായണൻ ക്രോഡീകരിച്ച് പ്രതിപാദിക്കയുണ്ടായി. മഹാഭാരതത്തിലെ ഭഗവദ്ഗീതയിലും ഇതേ ദർശനം പ്രതിപാദിയ്ക്കപ്പെടുന്നു. പ്രധാനപ്പെട്ട പത്തോ പന്ത്രണ്ടോ ഉപനിഷത്തുകൾ, ബ്രഹ്മസൂത്രങ്ങൾ, ഭഗവദ്ഗീത എന്നിവ വേദാന്ത ദർശനത്തെ അവതരിപ്പിക്കുന്ന മൂന്നു പ്രസ്ഥാനങ്ങളായാണ് കണക്കാക്കപ്പെടുന്നത്. പ്രസ്ഥാനത്രയത്തിനു രചിച്ച ഭാഷ്യങ്ങളിൽ ശങ്കരാചാര്യർ അദ്വൈത ദർശനത്തെ സമഗ്രമായി വിവരിക്കുന്നു. പിലക്കാലത്ത് ഇതേ പ്രസ്ഥാനത്രയത്തെ രാമാനുജാചാര്യർ വിശിഷ്ടാദ്വൈത പരമായും മാധ്വാചാര്യർ ദ്വൈതപരമായും വ്യാഖ്യാനിക്കയുണ്ടായി. മനുഷ്യാത്മാവ്, പ്രപഞ്ചം, ഈശ്വരൻ, മോക്ഷം മുതലായവയുടെ സ്വരൂപത്തേയും മോക്ഷ ലബ്ധിക്കു വേണ്ടി മനുഷ്യൻ അവലംബിക്കേണ്ട

മാർഗ്ഗത്തേയും സംബന്ധിച്ച് ജനങ്ങൾ പുലർത്തുന്ന സവിശേഷ വീക്ഷണങ്ങളാണ് യഥാർത്ഥത്തിൽ ഉപനിഷത്തുകളിലും ബ്രഹ്മസൂത്രങ്ങളിലും ഭഗവത്ഗീതയിലും പ്രതിപാദിച്ചിട്ടുള്ളത് എന്നു കാണിക്കുകയാണ് ഈ വ്യത്യസ്ത ഭാഷ്യകാരന്മാരുടെ ഉദ്ദേശം. ഒരേ ആഗമത്തെ, തങ്ങളുടേതായ യുക്തി പദ്ധതികളിലൂടെ ഓരോരുത്തരും സമീപിക്കുന്നു.

പ്രസ്ഥാനത്രയത്തിന്റെ ഭാഷ്യങ്ങളിലൂടെ വിസ്തരിച്ചും ഉപദേശസാഹസ്രി, വിവേകചൂഡാമണി മുതലായ പ്രകരണ ഗ്രന്ഥങ്ങളിലൂടെ സംക്ഷിപ്തമായും അദ്വൈത ദർശനത്തെ ശങ്കരാചാര്യർ പ്രതിപാദിക്കുന്നു. ഈ ദർശനത്തിന്റെ അതി സംക്ഷിപ്തവും ഉപരിപ്ലവവുമായ ഒരു വിവരണമാണ് ഇനിയങ്ങോട്ട് നൽകുന്നത്. ഈ വിവരണത്തിന് ആധാരം ധർമ്മരാജാധ്വരിയുടെ 'വേദാന്ത പരിഭാഷ' ആണ്.

മനുഷ്യജീവിതത്തിന്റെ ലക്ഷ്യങ്ങളെ 'പുരുഷാർത്ഥങ്ങൾ' എന്ന് ഭാരതീയർ വിളിക്കുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയാണ്. ഇവയിൽ നാലാമത്തേതായ മോക്ഷം മാത്രമാണ് നിത്യം എന്ന് ഉപനിഷത്തുകൾ പറയുന്നു. (നസപുനരാവർത്തതേ) അർത്ഥം, കാമം എന്ന രണ്ടു പുരുഷാർത്ഥങ്ങളും നശ്വരങ്ങളാണെന്ന അനുഭവം നമുക്കുണ്ട്. ധർമ്മവും നശ്വരമാണെന്ന് 'തദ്യഥേഹ കർമ്മചിതോലോക: ക്ഷീയതേ. ഏവമേവാമുത്രപുണ്യചിതോ ലോക: ക്ഷീയതേ'' എന്നുതുടങ്ങിയ ഉപനിഷദ്വാക്യങ്ങൾ പ്രസ്ഥാവിക്കുന്നു. അതിനാൽ നിത്യമായ മോക്ഷമാണ് പരമപുരുഷാർത്ഥം; അതുനേടുവാൻ യത്നിക്കുകയാണ് മനുഷ്യജീവിതത്തിന്റെ പാരത്രികപ്രയോജനം.

മോക്ഷം കൈവരുന്നത് ബ്രഹ്മജ്ഞാനം കൊണ്ടാകുന്നു. ബ്രഹ്മം എന്നതിൽ 'ബ്രഹ്മം' എന്നും 'ജ്ഞാന' മെന്നും രണ്ടുഘടകങ്ങൾ അടങ്ങിയിരിക്കുന്നുണ്ടല്ലോ. ഇവയിൽ 'ബ്രഹ്മം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്ന് പിന്നീട് പറയാം. 'ജ്ഞാനം' എന്നാലെന്തെന്ന് ആദ്യം ആലോചിക്കാം.

ജ്ഞാനത്തെപ്പററി സാമാന്യമായ ധാരണ നമുക്കെല്ലാമുണ്ട്. പക്ഷേ, യഥാർത്ഥ

ത്തിൽ അതിൻെറ രൂപമെന്ത്? ജ്ഞാനം രണ്ടുതരത്തിലുണ്ട്. പ്രമ എന്നും, (യഥാർത്ഥ ജ്ഞാനം) ഭ്രമം എന്നും. തെററാണെന്ന് പിന്നീട് തെളിയാത്ത ജ്ഞാനം (അബാധിതാർഥ വിഷയജ്ഞാനം) ആണ് പ്രമ. (പ്രമിതി) പ്രമയെജനിപ്പിക്കുന്നത് പ്രത്യക്ഷം. അനുമാനം, ഉപമാനം, ശബ്ദം, അർത്ഥാപത്തി, അനുപലബ്ധി എന്ന ആറുപ്രമാണങ്ങൾ ആകുന്നു.

കണ്ണ്, ചെവി, മൂക്ക്, നാവ്, ത്വക്ക് എന്നീ ജ്ഞാനേന്ദ്രിയങ്ങളത്രേ പ്രത്യക്ഷം എന്ന പ്രമാണം. പലപേരുകളിൽ പല രൂപങ്ങളിൽ അനുഭവപ്പെടുന്ന പ്രപഞ്ചം യഥാർത്ഥത്തിൽ ചൈതന്യാത്മകമായ ബ്രഹ്മം തന്നെയാകുന്നു. പ്രപഞ്ചത്തിലെ വസ്തുക്കളുമായി ഇന്ദ്രിയങ്ങൾക്ക് ബന്ധം (സന്നികർഷം) ഉണ്ടാകുമ്പോൾ ഇന്ദ്രിയങ്ങളിലൂടെ മനസ്സ് (അന്തഃകരണം) ആ വസ്തുക്കളിലെത്തി, അവയുടെ രൂപത്തിൽ പരിണമിക്കുന്നു. (അവയായി മാറുന്നു) ഈ പരിണാമത്തെ ''വൃത്തി'' എന്നു വിളിക്കുന്നു. അന്തഃകരണം ഇങ്ങിനെ വിഷയമായി (ഇന്ദ്രിയഗ്രാഹ്യ വസ്തുവായി) പരിണമിക്കുന്നതോടെ വിഷയത്തിലെ ചൈതന്യവും (വിഷയാവച്ഛിന്ന ചൈതന്യവും) വൃത്തിയിലെചൈതന്യവും (വൃത്ത്യവച്ഛിന്ന ചൈതന്യവും) അന്തഃകരണാവച്ഛിന്ന ചൈതന്യവും (പ്രമാതൃചൈതന്യവും) ഒന്നായിത്തീരുന്നു, ഇതാണ് 'പ്രത്യക്ഷപ്രമ'. തടാകത്തിലെ വെള്ളം ചീർപ്പിലൂടെ കടന്ന് തോട്ടിലൂടെ വയലിലെത്തി, വയലിൻെറ ചതുഷ്കോണാദി രൂപങ്ങൾ സ്വീകരിക്കുന്നതുപോലെ, തേജോമയമായ അന്തഃകരണം. ചക്ഷുരാദിന്ദ്രിയങ്ങളിലൂടെ ശരീരത്തിൽ നിന്ന് പുറത്തുകടന്ന് ഘടാദി വിഷയങ്ങളിൽചെന്ന് അവയുടെ ആകൃതിയിൽ പരിണമിക്കുന്നു. ഈ പരിണാമമാണ് അന്തഃകരണവൃത്തി. ഈ വൃത്തിയും പ്രത്യക്ഷവിഷയമായ ഘടം മുതലായ വസ്തുക്കളും ഒരേ സ്ഥലത്തും ഒരേ കാലത്തിലുമാകയാൽ വൃത്ത്യവച്ഛിന്ന ചൈതന്യവും വിഷയാവച്ഛിന്ന ചൈതന്യവും ഒന്നുതന്നെയാകുന്നു. അവതമ്മിൽ ഭേദം അറിയപ്പെടുന്നില്ല. സുഖം, ദുഃഖം മുതലായവ അന്തഃകരണധർമ്മങ്ങളാകുന്നു. മനസ്സ്

ഇവയുടെ ആകാരത്തിൽ പരിണമിക്കുമ്പോൾ, അന്തഃകരണാവഛിന്ന ചൈതന്യവും വൃത്തിവച്ഛിന്ന ചൈതന്യവും ഒരേ സമയത്ത് ഏകപ്രദേശസ്ഥിതങ്ങളാകയാൽ സുഖം ദുഃഖം മുതലായവയുടെ പ്രത്യക്ഷ ജ്ഞാനമുണ്ടാകുന്നു.

ചൈതന്യം ഒന്നേയുള്ളു. (ഏകമേവാദ്വിതീയം) വിഷയാവഛിന്ന ചൈതന്യത്തിൽ ആരോപിതങ്ങളാണ് വിഷയങ്ങൾ. (ഘടാവച്ഛിന്നചൈതന്യത്തിൽ ഘടവും പടാവഛിന്ന ചൈതന്യത്തിൽ പടവും, രജ്ജുവിൽ സർപ്പം പോലെ ആരോപിക്കപ്പെട്ടിരിക്കുന്നു. വിഷയചൈതന്യസത്തയും വിഷയസത്തയും ഒന്നുതന്നെ. വിഷയ ചൈതന്യവും അന്തഃകരണാവച്ഛിന്ന ചൈതന്യവും (പ്രമാതൃ ചൈതന്യവും) യഥാർത്ഥത്തിൽ ഭിന്നങ്ങളല്ല. അന്തഃകരണം വിഷയരൂപത്തിൽ പരിണമിക്കുമ്പോൾ വൃത്ത്യവച്ഛിന്ന ചൈതന്യവും പ്രമാതൃചൈതന്യവും വിഷയാവച്ഛിന്നചൈതന്യവും ഒന്നായിത്തീരുന്നു. ഈ ഒന്നായിത്തീരലാണ് പ്രത്യക്ഷ ജ്ഞാനം.

വിഷയരൂപത്തിൽ അന്തഃകരണം പരിണമിക്കുന്നതാണ് 'വൃത്തി' എന്നു പറഞ്ഞുവല്ലോ. സംശയം, നിശ്ചയം, ഗർവ്വം, സ്മരണം എന്ന് വൃത്തി നാലു വിധത്തിലുണ്ട്. സംശയമെന്ന വൃത്തി കൈക്കൊള്ളുമ്പോൾ അന്തഃകരണത്തെ 'മനസ്സ്' എന്നുവിളിക്കുന്നു. നിശ്ചയവൃത്തി കൈക്കൊള്ളുന്ന അന്തഃകരണമാണ് 'ബുദ്ധി'. ഗർവ വൃത്തിയിൽ അന്തഃകരണം 'അഹങ്കാര' മെന്നും സ്മരണ വൃത്തിയിൽ 'ചിത്ത'മെന്നും വിളിക്കപ്പെടുന്നു.

സവികല്പമെന്നും നിർവികല്പമെന്നും പ്രത്യക്ഷ ജ്ഞാനം രണ്ടു വിധമുണ്ട്. 'ഞാൻ കുടത്തെ കാണുന്നു' എന്നതുപോലെ പല ഘടകങ്ങളെ (ഞാൻ + കുടം + കാണൽ) പരസ്പരം ബന്ധപ്പെടുത്തുന്ന (വൈശിഷ്ട്യം വഗാഹി) ജ്ഞാനം സവികല്പമാകുന്നു. പരസ്പരബന്ധത്തെ വിഷയീകരിക്കാത്ത കേവലജ്ഞാനം നിർവ്വികല്പമത്രേ. 'തത്ത്വമസി' എന്ന ശ്രുതിവാക്യം കൊണ്ടുജനിക്കുന്നത് നിർവികല്പ ജ്ഞാനമുകുന്നു. ഈ ജ്ഞാനം ശബ്ദജന്യമാണ്. എങ്കിലും

പ്രമാതൃചൈതന്യവും വിഷയചൈതന്യവും ഇതിൽ ഒന്നാകുന്നതിനാൽ ഈ ജ്ഞാനം പ്രത്യക്ഷമാകുന്നു. പദാർത്ഥങ്ങളും സംസർഗ്ഗത്തെ (പരസ്പരബന്ധത്തെ) അവഗാഹനം ചെയ്യാതെയുള്ള അഖണ്ഡാർത്ഥ ബോധമാണ് 'തത്ത്വമസി' എന്നതിൽ നിന്ന് ജനിക്കുന്നത്.

അന്തഃകരണാവച്ഛിന്ന ചൈതന്യത്തെ 'ജീവൻ' എന്നുവിളിക്കുന്നു. ഓരോ ശരീരിയിലും അന്തഃകരണം എന്ന ഉപാധി ഭിന്നമാകയാൽ അന്തഃകരണാവച്ഛിന്ന ചൈതന്യത്തിനും ഭേദം ഉളവാകുന്നു. ഈ ഭേദം കാരണമാണ് ജീവികൾ പരസ്പരം ഭിന്നരായിരിക്കുന്നത്. ഒരാൾ ഘടത്തെ കാണുമ്പോൾ എല്ലാവർക്കും ഘടജ്ഞാനം ഉണ്ടാകാത്തത് അതുകൊണ്ടുതന്നെ.

(തുടരും)

* അമ്മയുടെ മുപ്പത്തിനാലാമതു ജന്മദിനാഘോഷത്തോടനുബന്ധിച്ച് ഒക്ടോബർ 11-ാം തീയതി കൂടിയ സത്സംഗത്തിൽ അവതരിപ്പിച്ച പ്രബന്ധം.

## വരിക്കാരുടെ ശ്രദ്ധക്ക്

മാസികയുടെ മേൽവിലാസമെഴുതുന്ന റാപ്പറിൻമേൽ നിങ്ങളുടെ വരിസംഖ്യാനമ്പരും വരിസംഖ്യ തീരുന്ന മാസവും കൊടുത്തിരിക്കുന്നു. മറ്റൊരറിയിപ്പുകൂടാതെ വരിസംഖ്യ പുതുക്കാനപേക്ഷ.

മാസികയുമായി ബന്ധപ്പെട്ട ഏത് എഴുത്തുകുത്തിലും വരിസംഖ്യാനമ്പർ കാണിക്കാൻ മറക്കരുത്.

മാസിക എല്ലാമാസവും ഒന്നാം തീയതി കൃത്യമായി അയയ്ക്കുന്നുണ്ട്. കിട്ടാത്തവർ വ്യക്തമായ പൂർണ്ണമേൽവിലാസം എഴുതി അയച്ചുതരണം. വരിസംഖ്യ അടച്ചതിന്റെ വിശദവിവരവും അറിയിച്ചാൽ നന്ന്.

പത്രാധിപർ
മാതൃവാണി.

# തത്ത്വമസി

## (അദ്വൈതദർശനം)

(~~കഴിഞ്ഞലക്കത്തിൽനിന്ന്~~ തുടർച്ച)

### ഡാക്ടർ എൻ. വി. കൃഷ്ണവാരിയർ

മായ എന്ന അനാദിയായ അവിദ്യയെ അദ്വൈത വേദാന്തികൾ അംഗീകരിക്കുന്നു. മായാവച്ഛിന്നചൈതന്യമത്രേ ഈശ്വരൻ. രജസ്, സത്വം, തമസ് എന്ന മൂന്നു ഗുണങ്ങളടങ്ങിയതാണ് മായ. ഈ ഗുണഭേദം ആസ്പദമാക്കി ഈശ്വരന് ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ വ്യത്യസ്ത നാമങ്ങൾ നൽകിയിരിക്കുന്നു.

പ്രപഞ്ചം അനാദിയാകുന്നു. പ്രപഞ്ചത്തിലെ ജീവികളുടെ കർമ്മങ്ങളും അനാദികൾ തന്നെ. ജീവികളുടെ കർമ്മങ്ങളുടെ ശക്തി നിമിത്തം സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവ സംബന്ധിച്ച വൃത്തി വിശേഷങ്ങൾ ഈശ്വരന്റെ ഉപാധിയായ മായയിലും ഉണ്ടാകുന്നു. പ്രപഞ്ചചക്രം ഉരുളുന്നത് മായയിലുണ്ടാകുന്ന ഈ വൃത്തികൾ നിമിത്തമാണ്.

തെററ് എന്ന് പിന്നീട് തെളിയുന്ന ജ്ഞാനമാണ് ഭ്രമം. മങ്ങിയ വെട്ടത്തിൽ കയറുകണ്ട് അതിനെ പാമ്പാണെന്ന് ധരിക്കുന്നത് ഭ്രമമാകുന്നു. ഈ ജ്ഞാനമുണ്ടാകുമ്പോൾ കയറിൽ പ്രാതിഭാസികമായ സർപ്പം ഉളവാകുന്നു. ആ സർപ്പമാണ് ദർശനത്തിന് വിഷയമാകുന്നത് എന്ന് വേദാന്തികൾ കരുതുന്നു. "ഇത് സർപ്പം" എന്ന് ഭ്രമമുണ്ടാകുന്നിടത്ത് 'ഇത്' എന്ന് സർപ്പരൂപത്തിൽ ഒരു അന്തഃകരണ വൃത്തി ഉണ്ടാകുന്നു. ആ വൃത്തിയിൽ 'ഇത്' എന്ന അംശത്തോടുകൂടിയ (അവിച്ഛിന്നമായ) ചൈതന്യം (വിഷയ ചൈതന്യം) പ്രതിബിംബിക്കുന്നു. ഈ ചൈതന്യത്തോട് വൃത്ത്യവച്ഛിന്നചൈതന്യവും പ്രമാതൃ ചൈതന്യവും അഭിന്നങ്ങളായിത്തീരുന്നു. കുടിലത മുതലായ ആകൃതി വിശേഷങ്ങൾകൊണ്ട് ഉണർന്ന ദ്രഷ്ടാവിന്റെ സർപ്പസംസ്കാരത്തിന്റെ സഹകരണത്തോടെ, പ്രമാതൃചൈതന്യാഭിന്നമായ രജ്ജു ചൈതന്യത്തിലുള്ള 'രജ്ജുത്വ' മെന്ന വിശേഷണത്തോടു കൂടിയ അവിദ്യ സർപ്പമെന്ന വസ്തുവായി പരിണമിക്കുന്നു. ഈ പരിണാമത്തെ 'വിവർത്തനം' എന്നു വിളിക്കുന്നു. കാരണത്തോട് സമസത്തയുള്ള കാര്യം ജനിക്കുന്നത് പരിണാമം ; കാരണത്തോട് വിഷമമായ

സത്തയുള്ള കാര്യം ജനിക്കുന്നത് വിവർത്തം എന്ന് ഇവയെപരസ്പരം വ്യാപർത്തിപ്പിക്കാം. കുടമുള്ളപ്പോഴെല്ലാം മണ്ണും ഉള്ളതിനാൽ കുടം മണ്ണിന്റെ പരിണാമം. സർപ്പം (കാര്യം) ഉള്ളപ്പോഴെല്ലാം കയർ (കാരണം) ഉണ്ടെന്ന നിയമ മില്ലാത്തതിനാൽ സർപ്പം കയറിന്റെ വിവർത്തം. രജ്ജുവിലെ സർപ്പം അവിദ്യയെ അപേക്ഷിച്ച് പരിണാമവും ചൈതന്യത്തെ അപേക്ഷിച്ച് വിവർത്തവുമാണ് – എന്നുപറയാം. കാരണം, രജ്ജുസർപ്പം ഉള്ളപ്പോഴെല്ലാം അവിദ്യയുമുണ്ട്. പക്ഷേ ചൈതന്യമുള്ളപ്പോഴെല്ലാം രജ്ജു സർപ്പം ഉണ്ടായിക്കൊള്ളണമെന്നില്ല.

ചൈതന്യാത്മകമായ ബ്രഹ്മമാണ് സത്യമെന്നും ചൈതന്യത്തിന്റെ വിവർത്തം മാത്രമായ പ്രപഞ്ചം മിഥ്യയാണെന്നുമത്രേ അദ്വൈത സിദ്ധാന്തം. അങ്ങിനെയെങ്കിൽ, പ്രപഞ്ചത്തിലെ സർപ്പവും (വ്യാപഹാരികസർപ്പവും) മിഥ്യയാകയാൽ അതിനും രജ്ജുസർപ്പത്തിനും (പ്രാതിഭാസിക സർപ്പത്തിനും) തമ്മിൽ എന്തു ഭേദം ! അവയ്ക്കുതമ്മിൽ ഭേദമില്ലെങ്കിൽ പ്രമാജ്ഞാനത്തിനും ഭ്രമജ്ഞാനത്തിനും തമ്മിൽ എന്താണുവ്യത്യാസം !

വ്യാപഹാരിക സർപ്പത്തിന്നു താരതമ്യേന ദീർഘകാലം നിലനില്പുണ്ട്. വെളിച്ചത്തിൽ കയർ കാണുന്നതുപോലെ പ്രാതിഭാസിക സർപ്പം ഇല്ലാതാകുന്നു. വ്യാപഹാരിക പ്രപഞ്ച പ്രതീതിക്ക് അവിദ്യ മാത്രമാണ് കാരണം. പ്രാതിഭാസിക പദാർത്ഥങ്ങളുടെ പ്രതീതിയ്ക്കാകട്ടെ മന്ദാന്ധകാരം മുതലായ ദോഷങ്ങളും കാരണമാണ്. ഇങ്ങിനെ വ്യാപഹാരിക-പ്രാതിഭാസിക – പദാർത്ഥങ്ങളെയും പ്രമാ-ഭ്രമങ്ങളെയും വേർതിരിക്കണം. ഭ്രമസ്ഥലത്ത് പ്രാതിഭാസിക പദാർത്ഥങ്ങൾ പോലെ സ്വപ്നസ്ഥലത്ത് സ്വാപ്ന പദാർത്ഥങ്ങളും സൃഷ്ടിക്കപ്പെടുന്നതായി അദ്വൈതികൾ കരുതുന്നു; അതായത് സ്വാപ്ന പദാർത്ഥങ്ങളും പ്രാതിഭാസികങ്ങൾ തന്നെ; അവ അന്തഃകരണത്തിന്റെ പരിണാമങ്ങളും ചൈതന്യത്തിൽ അധ്യസ്തങ്ങളുമാകുന്നു.

പ്രാതിഭാസിക പദാർത്ഥമെന്നത് അദ്വൈതവേദാന്തത്തിലെ ഒരു പ്രധാനസങ്കല്പമാകുന്നു. പ്രപഞ്ചം മിഥ്യയാണെന്നുസ്ഥാപിക്കാനും ഉദാഹരിക്കാനും ആ ധർമ്മത്തിനുപുറമേ അദ്വൈതവേദാന്തികൾ അവലംബിക്കുന്നത് പ്രാതിഭാസികതയെ ആണ്.

പ്രത്യക്ഷജ്ഞാനത്തെ ഇന്ദ്രിയ ജന്യമെന്നും ഇന്ദ്രിയാജന്യമെന്നും രണ്ടുവിധത്തിലും വിഭജിക്കാം. മൂക്ക്, നാവ്, ത്വക്ക് എന്നീ ഇന്ദ്രിയങ്ങൾ ശരീരത്തിൽ സ്ഥിതിചെയ്തുകൊണ്ട്, അവയിൽ വന്നുചേരുന്ന വിഷയങ്ങളെ അറിയുന്നു. കണ്ണുപോലെ ചെവിയും വിഷയം ഇരിക്കുന്ന സ്ഥലത്ത് അങ്ങോട്ടുചെല്ലുന്ന വിഷയത്തെ ഗ്രഹിക്കുന്നതായി അദ്വൈതികൾ കരുതുന്നു. മനസ് ഇന്ദ്രിയമല്ല; എങ്കിലും അത് സുഖാദികളെ അറിയുന്നു. അതിനാൽ

സുഖാദി പ്രത്യക്ഷം ഇന്ദ്രിയ ജന്യമാകുന്നു.

പ്രത്യക്ഷതരമായ (പരോക്ഷമായ) ജ്ഞാനത്തെ ജനിപ്പിക്കുന്നവയാണ് അനുമാനം, ഉപമാനം, ശബ്ദം, അർത്ഥാപത്തി, അനുലബ്ധി എന്നീ പ്രമാണങ്ങൾ.

പർവ്വതത്തിൽ പുകകണ്ട്, അവിടെ തീ ഉണ്ടെന്ന് അറിയുന്നതാണ് അനുമിതി എന്ന ജ്ഞാനം. "പുകയുള്ളേടത്തെല്ലാം തീയുണ്ട്" എന്ന വ്യാപ്തി ജ്ഞാനമാണ് അനുമിതിയെ ജനിപ്പിക്കുന്നത്, ഈ വ്യാപ്തി ജ്ഞാനത്തെ 'അനുമാന പ്രമാണമെന്നു പറയുന്നു. "പർവ്വതത്തിൽ തീയുണ്ട്" എന്ന അനുമിതിയിൽ പർവതം പ്രത്യക്ഷ ഗോചരമാണ്; തീ മാത്രമേ അനുമിതി വിഷയം ആകുന്നുള്ളൂ.

ബ്രഹ്മം ഒഴികേയുള്ള പ്രപഞ്ചം മുഴുവൻ മിഥ്യയാണെന്ന് സ്ഥാപിക്കുന്നതിന് അദ്വൈത വേദാന്തികൾ, ആഗമത്തെ എന്ന പോലെ അനുമിതിയേയും ആശ്രയിക്കുന്നു. "ബ്രഹ്മമല്ലാത്തതെല്ലാം മിഥ്യയാകുന്നു; ബ്രഹ്മഭിന്നമായതുകൊണ്ട്; രജ്ജുസർപ്പം പോലെ" എന്നാണ് ഇവിടെ അനുമിതിയുടെ ശാബ്ദരൂപം.

താൻ ഏതിലെല്ലാം ഇരിക്കുന്നതായി കരുതപ്പെടുന്നുവോ അതിലൊന്നും ഇല്ലാതിരിക്കുന്നത് അത്രേ "മിഥ്യ" (സ്വാശ്രയത്വേനാഭിമതയാവന്നിഷ്ഠാത്യന്താഭാവപ്രതിയോഗിത്വം മിഥ്യാത്വം) പ്രപഞ്ചത്തിലെ വസ്തുക്കൾ അവയുടെ കാരണങ്ങളിൽ ഇരിക്കുന്നതായി നാം കരുതുന്നു. ഉദാഹരണത്തിന് വസ്ത്രം നൂലിൽ ഇരിക്കുന്നു എന്ന് നാം കാണുന്നുണ്ട്. എങ്കിലും ബ്രഹ്മ ഭിന്നമായതുകൊണ്ട് വസ്ത്രം മിഥ്യയാണ്. 'ഈ വസ്ത്രം, വസ്ത്രമായതിനാൽ ഈ നൂലിലില്ല; മറ്റേ വസ്ത്രം ഈ നൂലിലല്ലാത്തതു പോലെ എന്ന വിധത്തിലുള്ള വിശേഷാനുമിതികൊണ്ടു. പ്രപഞ്ചമിഥ്യാത്വം സമർത്ഥിക്കാം.

വസ്ത്രം മിഥ്യയെങ്കിൽ 'വസ്ത്രം ഉണ്ട്' (സൽപടം) എന്ന സത്തയുടെ പ്രത്യക്ഷ ജ്ഞാനം എങ്ങിനെ ഉണ്ടാകുന്നു? വസ്ത്രം എന്ന പ്രതിഭാസത്തിന്റെ അധിഷ്ഠാനമായ ബ്രഹ്മത്തിന്റെ ഉൺമ (സത്ത) ആണ്. ആ പ്രത്യക്ഷത്തിൽ വിഷയീഭവിക്കുന്നത്. രൂപമില്ലാത്ത ബ്രഹ്മത്തെ എങ്ങിനെ കണ്ണുകൊണ്ട് കാണുന്നു എന്ന ചോദ്യത്തിന് 'രൂപമില്ലാത്ത കാലത്തെ കാണുന്നതുപോലെ' എന്ന് അദ്വൈതി ഉത്തരം പറയുന്നു. പാരമാർത്ഥികം, വ്യാവഹാരികം, പ്രാതിഭാസികം എന്ന് ഉൺമ (സത്ത) മൂന്നു വിധമുണ്ടെന്നും "വസ്ത്രം ഉണ്ട്" എന്ന പ്രത്യക്ഷ ജ്ഞാനത്തിൽ വ്യാവഹാരികമായ ഉൺമയാണ് വിഷയീഭവിക്കുന്നതെന്നും 'പ്രപഞ്ചം മിഥ്യ" എന്നു പറയുമ്പോൾ പ്രപഞ്ചത്തിൽ നിഷേധിക്കപ്പെടുന്നത് പാരമാർത്ഥികമായ ഉൺമ മാത്രമാണെന്നും മറ്റൊരുവിധത്തിലും, ഈ ചോദ്യത്തിന് ഉത്തരം പറയാം. "താൻ

ഏതിലെല്ലാം ഇരിക്കുന്നതായി കരുതപ്പെടുന്നുവോ അതിലൊന്നും പരമാർത്ഥത്തിൽ ഇല്ലാത്തത്'' എന്നാണ്, ഈ പക്ഷത്തിൽ മിഥ്യാത്വ ലക്ഷണം. (സ്വാശ്രയത്വേനാഭിമതയാവന്നിഷ്ഠ പാരമാർത്ഥികത്വാവഛിന്ന പ്രതിയോഗിതാകാത്യന്താഭാവ പ്രതിയോഗിത്വം മിഥ്യാത്വം).

ഒരു സാദൃശ്യ ജ്ഞാനത്തിൽ നിന്നുളവാകുന്ന മറ്റൊരു സാദൃശ്യജ്ഞാനത്തെ 'ഉപമിതി' എന്നു പറയുന്നു. ''കാളയെപ്പോലെയാണ് കാട്ടുകാള'' (ഗവയം) എന്നു മനസ്സിലാക്കിയ ഒരാൾ വനത്തിൽ ചെന്ന് കാട്ടുകാളയെ കാണുന്നു. ''ഈ മൃഗം കാളയെപ്പോലെയാണ്'' എന്ന പ്രത്യക്ഷ ജ്ഞാനം അയാൾക്കുണ്ടാകുന്നു. ഇതിൽ നിന്ന് 'എന്റെകാള ഈ കാട്ടുകാളയെപ്പോലെയാണ്'' എന്ന മറ്റൊരു സാദൃശ്യ ജ്ഞാനം അയാളിൽ ഉളവാകുന്നു. ആദ്യമുണ്ടായ സാദൃശ്യ പ്രത്യക്ഷം ഉപമാന പ്രമാണവും അതിൽനിന്നുണ്ടായ രണ്ടാമത്തെ സാദൃശ്യജ്ഞാനം ഉപമിതിയുമാകുന്നു. ശബ്ദത്തിൽ നിന്നുളവാകുന്ന ജ്ഞാനമാണ് ശാബ്ദ ജ്ഞാനം. ഏതു വാക്യത്തിന്റെ അർത്ഥം തെറ്റെന്ന് പിന്നീട് തെളിയുന്നില്ലയോ ആ വാക്യം പ്രമാണമാകുന്നു. ഒരു കാര്യം ചെയ്യാൻ പ്രേരിപ്പിക്കുന്ന വാക്യങ്ങൾക്കെന്ന പോലെ, മറ്റൊരു പ്രമാണം കൊണ്ട് അറിയപ്പെടാത്ത വസ്തുതത്വത്തെ വിവരിക്കുന്ന വാക്യങ്ങൾക്കും പ്രാമാണ്യമുണ്ട്. അതിനാൽ ബ്രഹ്മത്തെപ്പറ്റി പറയുന്ന വേദാന്ത വാക്യങ്ങൾ പ്രമാണങ്ങളാകുന്നു. വേദം കേവലനിത്യമല്ല; അതു ബ്രഹ്മത്തിൽ നിന്ന് ഉദ്ഭവിച്ചതാണെന്ന് വേദംതന്നെ പറയുന്നു. (അസ്യമഹതോ ഭൂതസ്യ നിശ്വസിതമേതദ്, യദൃഗ്വേദോ യജുർവേദഃ സാമവേദോ ƒ ഥർവവേദഃ) സൃഷ്ടികാലത്ത് ഉദ്ഭവിച്ച വേദങ്ങൾ പ്രളയകാലത്ത് നശിക്കുന്നു. ഇടക്കാലത്ത് ഉച്ചരിക്കാത്തപ്പോൾ, വേദങ്ങൾ (അവയിലെ വർണ്ണങ്ങൾ) അഭിവ്യക്തങ്ങളാകുന്നില്ല എന്നേയുള്ളൂ; ഇരുട്ടിൽ കുടം മുതലായ വസ്തുക്കൾ വ്യക്തമാകാത്തതുപോലെ അങ്ങിനെ ആപേക്ഷിക നിത്യത്വം ശബ്ദത്തിന് (വർണ്ണങ്ങൾക്ക്) അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ വേദങ്ങൾ ക്ഷണികങ്ങളുമല്ല. പൂർവ്വസർഗ്ഗത്തിലുണ്ടായിരുന്നവേദങ്ങളെ, പ്രളയാനന്തരം, സൃഷ്ടിയുടെ പ്രാരംഭത്തിൽ, ഈശ്വരൻ പഴയപടി പുനസൃഷ്ടിക്കുന്നു. മഹാഭാരതാദികളാകട്ടെ, പൂർവ്വ സർഗ്ഗത്തിലെ അവയുടെ ഉച്ചാരണത്തെ കണക്കിലെടുക്കാതെ നിർമ്മിക്കപ്പെടുന്നവയാണ്. അതിനാൽ പൗരുഷേയങ്ങളുമാണ്. പൗരുഷേയങ്ങളായ ആഗമങ്ങളത്രേ സ്മൃതികൾ; ശ്രുതികൾ അപൗരുഷേയങ്ങളായ ആഗമങ്ങളും.

''തടിച്ച ദേവദത്തൻ പകൽ ഭക്ഷണം കഴിക്കുന്നില്ല'' എന്ന വാക്യം കേട്ട് ''ദേവദത്തൻ രാത്രി ഭക്ഷണം കഴിക്കുന്നു'' എന്ന് സങ്കല്പിക്കുന്നത് അർത്ഥാപത്തി

ജ്ഞാനമാകുന്നു. ഉപപാദ്യ ജ്ഞാനംകൊണ്ട് ഉപപാദക ജ്ഞാനം കല്പിക്കുന്നത് അർത്ഥാപത്തിഎന്ന് അതിന്റെ നിർവ്വചനം.

'നിലത്ത് കുടംഇല്ല' എന്നത് ഒരു പ്രത്യക്ഷ ജ്ഞാനമാണെന്നും 'ഇല്ലായ്മയെ' അറിയുന്നതിനുള്ള പ്രമാണമാണ് 'അനുപലബ്ധി' (പ്രതീതിയില്ലായ്മ) എന്നും വേദാന്തികൾ കരുതുന്നു.

പ്രത്യക്ഷം, അനുമിതി, ഉപമിതി, ശബ്ദം, അർത്ഥാപത്തി, അനുലബ്ധി എന്ന ആറുതരം ജ്ഞാനങ്ങളും ജ്ഞാനത്തെ അപ്രമാണളാകുന്ന ദോഷങ്ങളില്ലെങ്കിൽ സ്വയം പ്രമാണങ്ങളാകുന്നു; പ്രമാണങ്ങളെന്ന് സ്വയമേവ അറിയപ്പെടുകയും ചെയ്യുന്നു.

വ്യാവഹാരിക തത്വത്തെ അറിയിക്കുക, പാരമാർത്ഥിക തത്വത്തെ അറിയിക്കുക എന്നിങ്ങനെ പ്രമാണങ്ങളുടെ പ്രാമാണ്യം രണ്ടുവിധം. ബ്രഹ്മം ഒഴികെ മററെല്ലാററിനെയും കുറിച്ച് അറിവുതരുന്ന പ്രമാണങ്ങൾക്ക് വ്യാവഹാരിക പ്രാമാണ്യമാണുള്ളത്; ജീവബ്രഹ്മൈക്യ പ്രതിപാദകങ്ങളായ ശ്രുതി വാക്യങ്ങൾക്കേ പാരമാർത്ഥിക പ്രാമാണ്യമുള്ളൂ. 'തത്വമസി' മുതലായ വാക്യങ്ങളിൽ നിന്ന് ഉളവാകുന്ന ജീവ ബ്രഹ്മൈക്യ ജ്ഞാനത്തിന് ഒരു കാലത്തും ബാധയില്ല അതിനാൽ അജ്ഞാനം പാരമാർത്ഥികമാകുന്നു.

'തത്വമസി' എന്ന വാക്യത്തിൽ തത് എന്നതിന് ബ്രഹ്മം എന്ന് അർത്ഥമാകുന്നു. സത്യം, ജ്ഞാനം, അനന്തം, ആനന്ദം മുതലായവ ബ്രഹ്മത്തിന്റെ ലക്ഷണങ്ങളാകുന്നു. സ്വരൂപലക്ഷണങ്ങളെന്നും തടസ്ഥ ലക്ഷണങ്ങളെന്നും ലക്ഷണങ്ങൾ രണ്ടു വിധമുണ്ട്. സത്യജ്ഞാന ആനന്ദാദികൾ ബ്രഹ്മസ്വരൂപം തന്നെയാകയാൽ സ്വരൂപ ലക്ഷണങ്ങളാകുന്നു. എന്നും നിലനിൽക്കുന്നില്ലെങ്കിലും, തൽക്കാലം ഇതര വ്യാപർത്തനത്തിന് ഉപയുക്തമായ ലക്ഷണങ്ങളത്രേ തടസ്ഥ ലക്ഷണങ്ങൾ. ''ജഗജ്ജന്മസ്ഥിതിലയ കർത്തൃത്വം ബ്രഹ്മത്തിന്റെ തടസ്ഥ ലക്ഷണമാകുന്നു. (ജന്മാദ്യസ്യയതഃ) കർത്തൃത്വമെന്നാൽ ഉപാദാനങ്ങളുടെ അപരോക്ഷ ജ്ഞാനം, ചികീർഷ, കൃതി (പ്രയത്നം) എന്നിവ ഉണ്ടായിരിക്കൽ എന്നർത്ഥം. ഈശ്വരന് (ബ്രഹ്മത്തിന്ന്) പ്രപഞ്ചോപ ദാനങ്ങളെപ്പററി അറിവുണ്ടെന്ന് ''യഃസർവജ്ഞഃ സർവവിദ്'' എന്ന ശ്രുതിയുടെ ചികീർഷയുണ്ടെന്ന് ''സോ ƒ കാമയത, ബഹുസ്യാം പ്രജായേയ'' എന്ന ശ്രുതിയും കൃതി (യത്നം) ഉണ്ടെന്ന് ''തന്മനോ ƒ കുരിത' മുതലായ ശ്രുതികളും പറയുന്നു. ''യതോവാ ഇമാനി ഭൂതാനി ജായന്തേ, യേന ജാതാനി ജീവന്തി, യത്പ്രയന്ത്യ ഭസംവിശന്തി'' എന്ന ഉപനിഷദ് വാക്യത്തിൽ ഈശ്വരന്റെ (ബ്രഹ്മത്തിന്റെ) ജഗത്കാരണത്വം പറയപ്പെട്ടിരിക്കുന്നു.

(അടുത്തലക്കത്തിൽ അവസാനിക്കും.)

(12)

# അദ്വൈതദർശനം

(തുടർച്ച)

## ഡാക്ടർ എൻ. വി. കൃഷ്ണവാരിയർ.

കുടത്തിന് ഉപാദാന കാരണമാണ് മണ്ണ്. പ്രപഞ്ചം മായാപരിണാമ മാകയാൽ മായ പ്രപഞ്ചത്തിന്റെ ഉപാദാനകാരണമാകുന്നു. പ്രപഞ്ച വിഭ്രമത്തിന്റെ അധിഷ്ഠാനം ബ്രഹ്മമാകയാൽ ബ്രഹ്മത്തെയും പ്രപഞ്ചത്തിന്റെ ഉപാദാനകാരണമെന്ന് പറയാറുണ്ട്. ഇവിടെ ഉപാദാനമെന്നതിന് ''ജഗദധ്യാ സാധിഷ്ഠാനം'' എന്നോ ''ജഗദാകാരപരിണാമമാന മായാധിഷ്ഠാനം'' എന്നോ അർത്ഥം. ഈ അർത്ഥത്തിലാണ് ''ഇദം സർവം യദയമാത്മാ'' ''സച്ചത്യച്ചാ ഭവൽ'' ''ബഹുസ്യാം പ്രജായേയ'' ഇത്യാദിശ്രുതികളിൽ ബ്രഹ്മത്തിന്നും പ്രപഞ്ചത്തിന്നും താദാത്മ്യം പ്രതിപാദിച്ചിട്ടുള്ളത്. പ്രപഞ്ചത്തിലുള്ള വസ്തുക്കൾ ഉള്ളവ എന്നും അറിയപ്പെടുന്നവ എന്നും, ഇഷ്ടപ്പെട്ടവ എന്നും തോന്നുന്നത് സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മം അവയിൽ ആരോപിയ്ക്കപ്പെട്ടിരിക്കയാലാണ്. അനിഷ്ടവസ്തുക്കളിൽ ബ്രഹ്മത്തിന്റെ ആനന്ദാംശം ആരോപിയ്ക്കപ്പെട്ടിരിയ്ക്കയാലാണ്. അനിഷ്ടവസ്തുക്കളിൽ ബ്രഹ്മത്തിന്റെ ആനന്ദാംശം ആരോപിയ്ക്കപ്പെടുന്നില്ല. പ്രപഞ്ചത്തിലെ വസ്തുക്കളിലെ നാമവും രൂപവും അവിദ്യാപരിണാമങ്ങളാണ്. സത്ത, ഭാനം, പ്രിയത്വം, നാമം, രൂപം എന്ന അഞ്ച് അംശങ്ങൾ എല്ലാ വ്യാവഹാരികാനുഭവങ്ങളിലും അടങ്ങിയിരിക്കുന്നു.

അദ്വൈതവേദാന്തികളുടെ സങ്കല്പത്തിലുള്ള പ്രപഞ്ചസൃഷ്ടിക്രമം താഴെചേർക്കും വിധമാണ്

അപരിമിതങ്ങളും അനിർവചനീയങ്ങളുമായ ശക്തികളടങ്ങിയ മായയോടുകൂടിയ ഈശ്വരൻ, താൻസൃഷ്ടിക്കാൻ പോകുന്ന പ്രപഞ്ചത്തിന്റെ വൈചിത്ര്യത്തിന് കാരണമായ അനന്തകോടി ജീവികളുടെ കർമ്മങ്ങളുടെ സഹകരണത്തോടെ, സൃഷ്ടിയുടെ പ്രാരംഭത്തിൽ നാമരൂപാത്മക പ്രപഞ്ചത്തെമുഴുവൻ തന്റെ ബുദ്ധിയിൽ കണ്ട് 'ഞാനിത് ഉണ്ടാക്കാൻപോകുന്നു' എന്നു സങ്കല്പിക്കുന്നു. സത്വം, രജസ്, തമസ് എന്ന മൂന്ന് ഗുണങ്ങളുള്ള മായയെ ഉപാദാനമായി സ്വീകരിച്ച് ആകാശം, വായു, തേജസ്, ജലം, പൃഥിവി എന്നീ പഞ്ചഭൂതങ്ങളുടെ സൂക്ഷ്മരൂപങ്ങളായ തന്മാത്രങ്ങളെ

സൃഷ്ടിക്കുന്നു. അവയിൽ ആകാശത്തിൽ 'ശബ്ദം' എന്ന ഒരു ഗുണമേഉള്ളു. വായുവിൽ സ്പർശവും ശബ്ദവും ഉണ്ട്. തേജസിൽ ശബ്ദം, സ്പർശം, രൂപം എന്ന മൂന്നു ഗുണങ്ങളും, ജലത്തിൽ ഇവയ്ക്കു പുറമേ നാലാമത് രസമെന്നഗുണവും, പൃഥിവിയിൽ ശബ്ദം, സ്പർശം, രൂപം, രസം ഗന്ധം എന്ന അഞ്ചു ഗുണങ്ങളും അടങ്ങിയിരിക്കുന്നു.

സത്വഗുണത്തിൽ നിന്നുളവായ ഈ പഞ്ചഭൂതങ്ങൾ ഒററക്കൊററക്ക് ക്രമത്തിൽ ചെവി, തൊലി, കണ്ണ്, നാവ്, മൂക്ക് എന്നീ ഇന്ദ്രിയങ്ങൾക്ക് ജന്മം നൽകുന്നു.

സാത്വിക പഞ്ചഭൂതങ്ങൾ പരസ്പരം ചേർന്ന് മനസ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നിവയായി പരിണമിക്കുന്നു. രജോഗുണത്തിൽനിന്നുളവായ പഞ്ചഭൂതങ്ങളിൽനിന്ന് ഒററക്കൊററക്ക് യഥാക്രമം വായ്, കൈ, കാൽ, ഉപസ്ഥം, ഗുദം എന്നീ കർമ്മേന്ദ്രിയങ്ങൾ ഉണ്ടാകുന്നു. ഇതേ പഞ്ചഭൂതങ്ങൾ കൂടിച്ചേർന്ന് പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നീ അഞ്ചു പ്രാണങ്ങൾ ആയിത്തീരുന്നു. തമോഗുണത്തിൽനിന്നുളവായ പഞ്ചഭൂതങ്ങൾ പകുതി (എട്ടിൽനാല്) അതാതു ഭൂതങ്ങളും എട്ടിലൊന്നുവീതം മററുനാലു ഭൂതങ്ങളും ഇടകലർന്ന് ആകാശം മുതലായ നമ്മുടെ നിത്യാനുഭവത്തിന് വിഷയങ്ങളാകുന്ന പഞ്ചഭൂതങ്ങളായിത്തീരുന്നു. നാം കാണുന്ന പൃഥിവിയിൽ പകുതിപൃഥ്വിയും മറേറപകുതിയുടെ നാലിലൊരംശം വീതം ജലം തേജസ്, വായു, അകാശം എന്നിവയുമാകുന്നു. ഇതുപോലെ ജലാദികളും കലർപ്പാർന്നവതന്നെ. ഭൂതങ്ങളുടെ ഈ കലർപ്പാണ് പഞ്ചീകരണം. കലർപ്പില്ലാത്ത (ശുദ്ധങ്ങളായ) പഞ്ചഭൂതങ്ങളിൽനിന്നുണ്ടാകുന്ന അഞ്ചു പ്രാണങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, മനസ്, ബുദ്ധി എന്നിവയാണ് ജീവികളുടെ ലിംഗശരീരം (സൂക്ഷ്മശരീരം). ഈ ലിംഗശരീരം ഓരോ ജീവിയും ജന്മമരണങ്ങളിലൂടെ, മോക്ഷപര്യന്തം നിലനിർത്തുന്നു. ഇതിന് 'അഹങ്കാരം' എന്നുകൂടി പേരിട്ടിട്ടുണ്ട്. ഓരോജീവിക്കും വെവ്വേറെ ഓരോ ലിംഗശരീരം ഉള്ളതുപോലെ ജീവ സമഷ്ടിയായ ഹിരണ്യഗർഭന്നും –ആദിമജീവന്നും— ഒരു ലിംഗശരീരം ഉണ്ട്. ഇതിനെ 'മഹത്തത്വ'മെന്നുവിളിക്കുന്നു.

പരസ്പരം കലർന്നവയും (പഞ്ചീകൃതങ്ങളും) തമോഗുണപ്രധാനങ്ങളുമായ പഞ്ചഭൂതങ്ങളിൽനിന്ന് പതിനാലു ലോകങ്ങൾ ഉൾക്കൊള്ളുന്ന ബ്രഹ്മാണ്ഡവും, അതിലെ ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജ്ജം എന്ന് നാല് വിധത്തിലുള്ള-ജന്തു-കീട-സസ്യങ്ങളുടെ സ്ഥൂലദേഹങ്ങളും ഉണ്ടാകുന്നു. പഞ്ചഭൂതങ്ങളുടെ തന്മാത്രങ്ങൾ, ലിംഗ ശരീരങ്ങൾ, ഹിരണ്യഗർഭന്റെസ്ഥൂല

ശരീരം എന്നിവ ഈശ്വരൻ സൃഷ്ടിക്കുന്നു; പ്രപഞ്ചത്തിലെ മററു വസ്തുക്കൾ സൃഷ്ടിക്കുന്നത് ഹിരണ്യഗർഭനത്രേ.

സൃഷ്ടിക്കപ്പെട്ട മററു വസ്തുക്കളുടെ വിനാശമാണ് പ്രളയം. നിത്യം, പ്രാകൃതം, നൈമിത്തികം, ആത്യന്തികം എന്ന് പ്രളയം നാലു വിധമുണ്ട്. ജീവികളുടെ ഉറക്കമാണ് നിത്യപ്രളയം. ആ സമയത്ത് ജീവികളുടെ ധർമ്മാധർമ്മങ്ങളും, പൂർവ്വ സംസ്കാരങ്ങളും നിലനില്ക്കുന്നു. അതിനാലാണ് ഉറക്കമുണർന്നവൻ സുഖദുഃഖാദികൾ അനുഭവിക്കുന്നതും, ഓർമ്മിക്കുന്നതും. അന്തഃകരണത്തിൻെറ ജ്ഞാനശക്തി ഉറക്കത്തിൽ നശിക്കുന്നു. എങ്കിലും ക്രിയാശക്തി നിലനിൽക്കുന്നു. അതിനാലത്രേ ഉറങ്ങുന്നവൻെറ ശ്വാസോച്ഛ്വാസവും മററും തുടരുന്നത്. ''യതാസുപ്തഃ സ്വപ്നം നകഞ്ചനപശ്യതി, അഥാഽസ്മിൻ പ്രാണേ ഏകധാ ഭവതി'' തുടങ്ങിയ ഉപനിഷദ് വാക്യങ്ങളാണ് സുഷുപ്തി സംബന്ധിച്ച ഈ ധാരണക്ക് ആധാരം.

ആയിരം ചതുര്യുഗങ്ങൾ കൂടുമ്പോൾ ഹിരണ്യഗർഭൻെറ ഓരോ പകലും അവസാനിക്കുന്നു. പിന്നീട് അത്രയും കാലം ഹിരണ്യഗർഭൻെറ രാത്രിയാണ്. ആ സമയത്ത് ഭൂമി, സ്വർഗ്ഗം, പാതാളം എന്നീലോകങ്ങൾ നശിക്കുന്നു. ഇതാണ് നൈമിത്തിക പ്രളയം. ഇതുകഴിഞ്ഞാൽ പഴയതുപോലെ സൃഷ്ടിചക്രം വീണ്ടും ആരംഭിക്കുന്നു.

സൃഷ്ടിയ്ക്കപ്പെട്ടതെല്ലാം പ്രാകൃത പ്രളയത്തിൽ പ്രകൃതിയിൽലയിക്കുന്നു. ഈ സമയത്ത് ഹിരണ്യഗർഭനും ഹിരണ്യഗർഭൻെറലോകത്തിലുള്ളവർക്കും വിദേഹ കൈവല്യം കൈവരുന്നു. ബ്രഹ്മ സാക്ഷാൽക്കാരം നേടി എല്ലാ ജീവികളും മോക്ഷം പ്രാപിക്കുന്നതാണ് നാലാമത്തേതായ ആത്യന്തികപ്രളയം. സൃഷ്ടി ക്രമത്തിന്നു നേരെ വിപരീത ദിശയിലാണ് പ്രളയം സംഭവിക്കുന്നത്. സൃഷ്ടി പ്രളയങ്ങളെ സംബന്ധിച്ചഉപനിഷദ് വാക്യങ്ങൾക്ക് യഥാർത്ഥത്തിൽ താല്പര്യം പ്രപഞ്ചപ്രക്രിയയെ വിവരിക്കലല്ല; ബ്രഹ്മത്തിൻെറ അദ്വയസ്വഭാവം സ്പഷ്ടമാക്കലാണ്.

ചൈതന്യം (ബ്രഹ്മം) ഏകമാണ്. അത് വ്യാപകമായ അവിദ്യയിൽ (മായയിൽ) പ്രതിബിംബിയ്ക്കുമ്പോൾ ഈശ്വരനെന്നും പരിഛിന്നമായ അന്തഃകരണത്തിൽ പ്രതിബിംബിക്കുമ്പോൾ ജീവനെന്നും പറയപ്പെടുന്നു എന്ന് ചില അദ്വൈതികൾ പറയുന്നു. ഈ പക്ഷത്തിൽ അന്തഃകരണത്തിൻെറ ദോഷങ്ങൾ ജീവനിലെന്നപോലെ അവിദ്യയുടെ ദോഷങ്ങൾ ഈശ്വരനിലും പ്രതിഫലിക്കുമെന്ന് തകരാറുണ്ട്. അതിനാൽ ചൈതന്യത്തിൻെറ ബിംബമാണ്, പ്രതിബിംബമല്ലഈശ്വരൻ എന്നും അവി

ദ്യയിലോ അന്തഃകരണങ്ങളിലോ ഉള്ള ചൈതന്യത്തിന്റെ പ്രതിബിംബം ജീവൻ ആണെന്നും മററു ചിലർ കരുതുന്നു.

ഈശ്വരൻ (ബ്രഹ്മം) ഒന്നേയുള്ളു. ജീവനോ! ജീവൻ ഒന്നാണെന്നുകരുതുന്നവരുംപലതാണെന്നുകരുതുന്നവരുമുണ്ട്. ഒന്നാണെന്നു കരുതുന്നവരുടെ അഭിപ്രായത്തിൽ, അവിദ്യയിൽ പ്രതിബിംബിച്ച ചൈതന്യമാണ് ജീവൻ! പലതാണെന്നു കരുതുന്നവരുടെ അഭിപ്രായത്തിൽ അന്തഃകരണങ്ങളിൽ ചൈതന്യം പ്രതിബിംബിക്കുന്നതാണ് ജീവൻ. രണ്ടുവിധത്തിലായാലും ജീവന് ജാഗ്രത്ത് സ്വപ്നം, സുഷുപ്തി എന്നു മൂന്നവസ്ഥകൾ ഉണ്ട്.

ഇന്ദ്രിയ ജന്യ ജ്ഞാനങ്ങളുള്ള അവസ്ഥയാണ് ജാഗ്രദവസ്ഥ. അറിയപ്പെടുന്ന വസ്തുക്കളുടെ രൂപത്തിൽ അന്തഃകരണം പരിണമിക്കുന്നതാണ് ഇന്ദ്രിയജന്യ ജ്ഞാനം. ഇതിനെ 'അന്തഃകരണവൃത്തി' എന്നുപറയുന്നു. ചൈതന്യം എല്ലാവസ്തുക്കളിലുമുണ്ട്, അഥവാ എല്ലാവസ്തുക്കളും ചൈതന്യത്തിൽ അധ്യസ്തങ്ങളാണ്. എന്നിട്ടും നാം എല്ലാ വസ്തുക്കളേയും എപ്പോഴും അറിയാത്തതിനുകാരണം എല്ലാ വസ്തുക്കളിലുമുള്ള ചൈതന്യത്തെ അജ്ഞാനം മൂടിനില്ക്കുന്നു എന്നതത്രേ. ഈ അജ്ഞാനാവരണത്തെ നീക്കിക്കളയുന്നത് അതാതു വസ്തുക്കളുടെ ആകൃതി കൈക്കൊള്ളുന്ന അന്തഃകരണവൃത്തിയോ അന്തഃകരണ വൃത്തിയിൽ ഉപഹിതമായ ചൈതന്യമോ ആകുന്നു. ദൃശ്യവസ്തുക്കളോട് ദ്രഷ്ടാവിന്ന്, അവയുടെ ജ്ഞാനം കൈവരാനാവശ്യമായ ബന്ധം സൃഷ്ടിക്കുകയേ അന്തഃകരണവൃത്തി ചെയ്യുന്നുള്ളൂ എന്നും സ്വതേ ചൈതന്യാഭിവ്യക്തി യോഗ്യത ഇല്ലാത്ത ഘടാദിജഡവസ്തുക്കൾക്ക് ഈ ബന്ധംമൂലം ചൈതന്യാഭിവ്യക്തി യോഗ്യത കൈവരുന്നു എന്നും മറെറാരു മതമുണ്ട്. ദൃശ്യവസ്തുക്കളിലെ ചൈതന്യവുമായി ദ്രഷ്ട്യ ചൈതന്യത്തിന് അഭേദം സമ്പാദിക്കയാണ് അന്തഃകരണവൃത്തി ചെയ്യുന്നതെന്നാണ് ഇനിയൊരു മതം.

ഇന്ദ്രിയങ്ങളിലൂടെയല്ലാതെ വിഷയങ്ങളെ പ്രത്യക്ഷമായി കാണുന്ന അവസ്ഥയാണ് സ്വപ്നം. സുഷുപ്തി എന്ന അവസ്ഥയിൽ അന്തഃകരണവൃത്തിയില്ല. ഉള്ളത് അവിദ്യയുടെ വൃത്തിയാണ്. അതിൽ അവിദ്യ, ആത്മാവ്, ആനന്ദം എന്നിവ അനുഭവപ്പെടുന്നു. ഈ മൂന്ന് അവസ്ഥക്കുപുറമേ മൂർഛ, മരണം എന്ന രണ്ടവസ്ഥകൾ കൂടി ജീവനുള്ളതായി ചിലർ കരുതുന്നു.

മായ എന്ന ഉപാധിയെ അപേക്ഷിച്ച് ജീവൻ ഒന്നാണെന്നും, അന്തഃകരണങ്ങളെന്ന ഉപാധികളെ അപേക്ഷിച്ച് ജീവൻ പലതാണെന്നുംപറയാം. ജീവൻ അണുപരിണാമമല്ല; അതിന്റെ ഉപാധികളുടെ വലുപ്പം അത് അപ്പപ്പോൾ

മനസ്സിന് ഏകാഗ്രതവരുത്തുന്നതുവഴി സഗുണോപാസനം, നിർഗുണ ബ്രഹ്മസാക്ഷാൽക്കാരത്തിന് പരമ്പരയാകാരണമായിത്തീരുന്നു.

സഗുണോപാസകർ മരണാനന്തരം അർച്ചിരാദി മാർഗ്ഗത്തിലൂടെ ബ്രഹ്മലോകത്തിലിറങ്ങി അവിടെ വേദാന്തവാക്യശ്രവണം കൊണ്ട് ബ്രഹ്മസാക്ഷാൽക്കാരം നേടി പ്രാകൃത പ്രളയത്തിൽ ബ്രഹ്മാവിനോട് (ഹിരണ്യഗർഭനോട) ഒപ്പം മോക്ഷം അടയുന്ന യാഗാദി വേദവിഹിത കർമ്മങ്ങൾ ചെയ്യുന്നവർ മരണാനന്തരം ധൂമാദി മാർഗത്തിലൂടെ പിതൃ ലോകത്തെത്തി അവിടെ ഉപഭോഗത്തിലൂടെ ധർമ്മം ക്ഷയിക്കുമ്പോൾ, പൂർവസുകൃത ദുഷ്കൃതങ്ങൾക്കനുസൃതമായി ബ്രഹ്മാദി സ്ഥാവരാന്ത യോനികളിൽ പുനർജനിക്കുന്നു.

അഗ്നിർജ്യോതിരഹഃ ശുക്ലഃ
ഷണ്മാസാ ഉത്തരായണം
തത്രപ്രയാതാ ഗച്ഛന്തി
ബ്രഹ്മ ബ്രഹ്മ വിദോജനഃ
ധൂമോരാത്രിസ്തഥാകൃഷ്ണഃ
ഷണ്മാസാ ദക്ഷിണായനം
തത്രചാന്ദ്രമസം ജ്യോതി
ര്യോഗീ പ്രാപ്യ നിവർത്തതേ
ശുക്ല കൃഷ്ണേ ഗതീഹ്യേതേ
ജഗതഃ ശാശ്വതേ മതേ;
ഏകയാ യാത്യനാവൃത്തി–
മന്യയാവർത്തതേ പുനഃ

(ഗീത 8-ാമധ്യായം ശ്ലോകം 24. 25, 26)

നിഷിദ്ധ കർമ്മങ്ങൾ അനുഷ്ടിക്കുന്നവർ മരണാനന്തരം രനരവാദിനരകങ്ങളിൽ പാപഫലം അനുഭവിച്ച് തിര്യഗ് യോനികളിൽ ജനിക്കുന്നു. നിർഗുണ ബ്രഹ്മത്തെ ഈ ലോകത്തുവച്ച് സാക്ഷാൽക്കരിച്ചവർ, പ്രാരാബ്ധ കർമ്മങ്ങൾ ക്ഷയിക്കുംവരെ ഇവിടെത്തന്നെ സുഖദുഃഖങ്ങൾ അനുഭവിച്ച്, മരണത്തോടെ മോക്ഷം പ്രാപിക്കുന്നു. പൂർവ്വകർമ്മങ്ങൾ സഞ്ചിതമെന്നും പ്രാരബ്ധമെന്നും രണ്ടുവിധമുണ്ട്. ബാങ്കിൽ ഡെപ്പാസിററുചെയ്ത പണം പോലെയാണ് സഞ്ചിത കർമ്മം; ആത്മജ്ഞാനം കൈവരുന്നതോടെ സഞ്ചിതകർമ്മം നശിച്ചുപോകുന്നു. ബാങ്കിൽനിന്നു വാങ്ങി കൈവശംവച്ച് ചെലവഴിക്കാൻ വരുന്ന രൊക്കം പണം പോലെയാണ് പ്രാരബ്ധ കർമ്മം. അതിന്റെ ഫലം ഒരിക്കൽ അനുഭവിക്കാൻ തുടങ്ങിയാൽ മുഴുവൻ അനുഭവിച്ചുതന്നെ തീരണം. ഈ പ്രാരബ്ധ കർമ്മത്തിന്റെ ഫലമായാണ് മുക്തൻ പിന്നെയും കുറെക്കാലം ജീവിക്കുന്നത്.

ബ്രഹ്മം ഒന്നേയുള്ളൂ. അവിദ്യ ഒന്നോ പലതോ? ഓരോ ജീവന്നും ഓരോ അവിദ്യയാണെന്ന് ചില അദ്വൈതികൾ പറയുന്നു. അവിദ്യ ഒന്നാണെങ്കിലും, ബ്രഹ്മസ്വരൂപത്തെ ആവരണം ചെയ്യുന്നതിനുള്ള അതിന്റെ ശക്തി ഓരോ ജീവനെ സംബന്ധിച്ചും വെവ്വേറെയാണെന്ന് മററു ചിലർ കരുതുന്നു. രണ്ടുവിധത്തിലായാലും ഒരു ജീവൻ മുക്തി പ്രാപിക്കുമ്പോൾ അവിദ്യ പൂർണ്ണമായി നശിക്കാത്തതിനാൽ അല്ലെങ്കിൽ അവിദ്യാവരണം പൂർണ്ണമായി നശിക്കാത്തതിനാൽ മററു ജീവന്മാരെ സംബന്ധിച്ചിടത്തോളം സംസാരം തുടരുന്നു.

★

മനസ്സിന് ഏകാഗ്രതവരുത്തുന്നതുവഴി സഗുണോപാസനം, നിർഗുണ ബ്രഹ്മസാക്ഷാൽക്കാരത്തിന് പരമ്പരയാകാരണമായിത്തീരുന്നു.

സഗുണോപാസകർ മരണാനന്തരം അർച്ചിരാദി മാർഗ്ഗത്തിലൂടെ ബ്രഹ്മലോകത്തിലിറങ്ങി അവിടെ വേദാന്തവാക്യശ്രവണം കൊണ്ട് ബ്രഹ്മസാക്ഷാൽക്കാരം നേടി പ്രാകൃത പ്രളയത്തിൽ ബ്രഹ്മാവിനോട് (ഹിരണ്യഗർഭനോട്) ഒപ്പം മോക്ഷം അടയുന്ന യാഗാദി വേദവിഹിത കർമ്മങ്ങൾ ചെയ്യുന്നവർ മരണാനന്തരം ധൂമാദി മാർഗത്തിലൂടെ പിതൃ ലോകത്തെത്തി അവിടെ ഉപഭോഗത്തിലൂടെ ധർമ്മം ക്ഷയിക്കുമ്പോൾ, പൂർവസുകൃത ദുഷ്കൃതങ്ങൾക്കനുസൃതമായി ബ്രഹ്മാദി സ്ഥാവരാന്ത യോനികളിൽ പുനർജനിക്കുന്നു.

അഗ്നിർജ്ജോതിരഹഃ ശുക്ലഃ
ഷണ്മാസാ ഉത്തരായണം
തത്രപ്രയാതാ ഗച്ഛന്തി
ബ്രഹ്മ ബ്രഹ്മ വിദോജനഃ
ധൂമോരാത്രിസ്തഥാകൃഷ്ണഃ
ഷണ്മാസാ ദക്ഷിണായനം
തത്രചാന്ദ്രമസം ജ്യോതി
ര്യോഗീ പ്രാപ്യ നിവർത്തതേ
ശുക്ല കൃഷ്ണേ ഗതീഹ്യേതേ
ജഗതഃ ശാശ്വതേ മതേ;
ഏകയാ യാത്യനാവൃത്തി–
മന്യയാവർത്തതേ പുനഃ

(ഗീത 8-ാമധ്യായം ശ്ലോകം 24. 25, 26)

നിഷിദ്ധ കർമ്മങ്ങൾ അനുഷ്ടിക്കുന്നവർ മരണാനന്തരം രൗരവാദിനരകങ്ങളിൽ പാപഫലം അനുഭവിച്ച് തിര്യഗ് യോനികളിൽ ജനിക്കുന്നു. നിർഗുണ ബ്രഹ്മത്തെ ഈ ലോകത്തുവച്ച് സാക്ഷാൽക്കരിച്ചവർ, പ്രാരാബ്ധ കർമ്മങ്ങൾ ക്ഷയിക്കുംവരെ ഇവിടെത്തന്നെ സുഖദുഃഖങ്ങൾ അനുഭവിച്ച്, മരണത്തോടെ മോക്ഷം പ്രാപിക്കുന്നു. പൂർവ്വകർമ്മങ്ങൾ സഞ്ചിതമെന്നും പ്രാരബ്ധമെന്നും രണ്ടുവിധമുണ്ട്. ബാങ്കിൽ ഡെപ്പോസിററുചെയ്ത പണം പോലെയാണ് സഞ്ചിത കർമ്മം; ആത്മജ്ഞാനം കൈവരുന്നതോടെ സഞ്ചിതകർമ്മം നശിച്ചുപോകുന്നു. ബാങ്കിൽനിന്നു വാങ്ങി കൈവശംവച്ച് ചെലവഴിക്കാൻ വരുന്ന രൊക്കം പണം പോലെയാണ് പ്രാരബ്ധ കർമ്മം. അതിന്റെ ഫലം ഒരിക്കൽ അനുഭവിക്കാൻ തുടങ്ങിയാൽ മുഴുവൻ അനുഭവിച്ചുതന്നെ തീരണം. ഈ പ്രാരബ്ധ കർമ്മത്തിന്റെ ഫലമായാണ് മുക്തൻ പിന്നെയും കുറെക്കാലം ജീവിക്കുന്നത്.

ബ്രഹ്മം ഒന്നേയുള്ളൂ. അവിദ്യ ഒന്നോ പലതോ? ഓരോ ജീവന്നും ഓരോ അവിദ്യയാണെന്ന് ചില അദ്വൈതികൾ പറയുന്നു. അവിദ്യ ഒന്നാണെങ്കിലും, ബ്രഹ്മസ്വരൂപത്തെ ആവരണം ചെയ്യുന്നതിനുള്ള അതിന്റെ ശക്തി ഓരോ ജീവനെ സംബന്ധിച്ചും വെവ്വേറെയാണെന്ന് മററു ചിലർ കരുതുന്നു. രണ്ടുവിധത്തിലായാലും ഒരു ജീവൻ മുക്തി പ്രാപിക്കുമ്പോൾ അവിദ്യ പൂർണ്ണമായി നശിക്കാത്തതിനാൽ അല്ലെങ്കിൽ അവിദ്യാവരണം പൂർണ്ണമായി നശിക്കാത്തതിനാൽ മററു ജീവന്മാരെ സംബന്ധിച്ചിടത്തോളം സംസാരം തുടരുന്നു.

★